**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | ഗോവിന്ദപൈ സ്മാരകം, കേരള തുളു അക്കാദമി എന്നീ സ്ഥാപനങ്ങളാണ് വകുപ്പിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഓരോ സ്ഥാപനത്തിനും എത്ര തുക ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; പ്രത്യേകം വിശദമാക്കാമോ; | (ബി) | ഗോവിന്ദപൈ സ്മാരകം, കേരള തുളു അക്കാദമി എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 2205-00-102-77 (56) (NP), 2205-00-102-77 (57) (NP) എന്നീ ശീർഷകങ്ങളിൽ നിന്നും 10,00,000/- (പത്ത് ലക്ഷം) രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗോവിന്ദപൈ സ്മാരകത്തിന് വാർഷിക ധനസഹായമായി 37,500/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ബജറ്റിൽ നീക്കിവെച്ച തുക ഈ വർഷം സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ വകയിരുത്തിയ തുക അനുവദിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ പ്രൊപ്പോസൽ വകുപ്പിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ ഇന്റേണൽ ഓഡിറ്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ